**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5153** **12-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലിയിലെ നികുതി വകുപ്പിന്റെ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലിയിൽ നികുതി വകുപ്പിന്റെ (ചരക്കുസേവന നികുതി) ഏതെങ്കിലും ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഓഫീസാണെന്നും പ്രസ്തുത ഓഫീസിനായി പ്രതിമാസം വാടക ഇനത്തിൽ എത്ര രൂപയാണ് നൽകുന്നതെന്നും വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് മട്ടാഞ്ചേരി ജില്ലാ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കമാലി ചരക്കുസേവന നികുതി ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഓഫീസിനായി പ്രതിമാസം വാടക ഇനത്തിൽ 5429/- രൂപ (അയ്യായിരത്തി നാന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) ആണ് നൽകുന്നത്. |
| (ബി) | അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സൗകര്യം ഉണ്ടായിരുന്നിട്ടും അവിടേയ്ക്ക് കഴിഞ്ഞ അഞ്ച് വർഷമായി പ്രസ്തുത ഓഫീസ് മാറ്റാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | അങ്കമാലി ഓഫീസ് പുതിയ സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ നിർമ്മിതി കേന്ദ്ര സമർപ്പിച്ച എസ്റ്റിമേറ്റ് ചെലവ് ചുരുക്കൽ നയത്തിന്റെ ഭാഗമായി നിരസിച്ചിട്ടുള്ളതാണ്. ആയത് ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റ് എടുത്ത് പണികൾ പൂർത്തിയാക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. ടി വകുപ്പ് പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വാടക കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് സ്ഥലം ആവശ്യപ്പെട്ട് നികുതി വകുപ്പ് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ